# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.4286** **13.12.2018-ൽ മറുപടിക്ക്**

## സ്ട്രീറ്റ് ലൈറ്റ് ടൈമറുകളുടെ പ്രവർത്തനക്ഷമത

| | ചോദ്യം<br>ശ്രീ. മുരളി പെരുനെല്ലി | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | കെ.എസ്.ഇ.ബി യുടെ സ്ട്രീറ്റ് ലൈറ്റുകൾ നിശ്ചിത സമയം പ്രകാശിപ്പിക്കുന്നതിന് സ്ഥാപിച്ചിരിക്കുന്ന ടൈമറുകൾ പ്രവർത്തിക്കാത്തതുമൂലം 24 മണിക്കൂറും ലൈറ്റുകൾ കത്തുന്നതിന്റെ ഭാഗമായി കെ.എസ്.ഇ.ബി ക്ക് ഉണ്ടാകുന്ന വൈദ്യുതി നഷ്ടത്തിനെപ്പറ്റി എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ; | (എ) | ഇത്തരത്തിലുള്ള പഠനങ്ങൾ നടത്തിയിട്ടില്ല. ചില സ്ഥലങ്ങളിൽ ടൈമറുകളുടെ തകരാറു മൂലം സ്ട്രീറ്റ് ലൈറ്റുകൾ കൂടുതൽ സമയം കത്തികിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം അവസരങ്ങളിൽ താമസംവിനാ അവ മാറ്റി സ്ഥാപിക്കുകയോ കേടുപാടുകൾ തീർത്ത് പ്രവർത്തനക്ഷമമാക്കുകയോ ഫ്യൂസുകൾ ഘടിപ്പിച്ചിട്ടുള്ള ബദൽ സംവിധാനം ഏർപ്പെടുത്തുകയോ ചെയ്ത് വൈദ്യുതി നഷ്ടം വരാതിരിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കാറുണ്ട്. |
| (ബി) | മണലൂർ മണ്ഡലത്തിൽ കേടുവന്ന ടൈമറുകൾ മാറ്റി സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ; | (ബി) & (സി) | ഇത്തരത്തിൽ മണലൂർ മണ്ഡലത്തിൽ 129 ടൈമറുകൾ പ്രവർത്തനരഹിതമായതായി കണ്ടെത്തിയിട്ടുണ്ട്. കേടുവന്ന ടൈമറുകൾ പ്രവർത്തനക്ഷമമാക്കുകയും, പ്രവർത്തനക്ഷമമാക്കാൻ കഴിയാത്തവ മാറ്റി സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | നിലവിൽ മണലൂർ മണ്ഡലത്തിൽ എത്ര ടൈമറുകൾ പ്രവർത്തനരഹിതമായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ; | | |
| (ഡി) | സ്ട്രീറ്റ് ലൈറ്റുകൾ നിശ്ചിത സമയത്തു മാത്രം കത്തുന്നു എന്ന് ഉറപ്പാക്കുന്നതിനായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് എന്തെങ്കിലും സർക്കുലർ/നിർദ്ദേശം കെ എസ്.ഇ.ബി നൽകിയിട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ ? | (ഡി) | ഇത്തരത്തിലുള്ള പ്രത്യേക നിർദ്ദേശങ്ങൾ ഒന്നും തന്നെ നൽകിയിട്ടില്ലെങ്കിലും സ്ട്രീറ്റ് ലൈറ്റ് കൺട്രോളറുടെ പ്രവർത്തനക്ഷമത ഉറപ്പുവരുത്തുന്നതിനായിട്ടുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

Hemalatha

സെക്ഷൻ ഓഫീസർ